For Private Circulation Only

October 2020

# ആഗമദൂതൻ

HOLY BIBLE

Vol.67

No.10

"സമാധാനത്തിന്റെ കർത്താവായവൻ താൻ നിങ്ങൾക്കു എല്ലായ്പ്പോഴും നൽകുമാറാകട്ടെ" (2 തെസ്സ.3:16)

## അത്യന്തം പ്രധാനപ്പെട്ട ഏഴു ചോദ്യങ്ങൾ

By Oswald J Smith

സകല വിശ്വാസികളും അഭിമുഖീകരിക്കുന്ന ഏഴു ചോദ്യങ്ങൾ, അവയെ അവഗണിക്കുന്നത് ആത്മീക ജീവിതത്തിനു തന്നെ ഹാനികരമാണ്. അവയെ നമുക്ക് പരിശോധിക്കാം. എന്നിട്ട് ദൈവം സഹായിക്കുന്നതനുസരിച്ച് വിശ്വസ്തമായും സത്യസന്ധമായും ഉത്തരം കണ്ടെത്താം.

1) ഞാൻ പാപത്തിന് അടിമയാണോ? " ഞാൻ എന്റെ ഹൃദയത്തിൽ അകൃത്യം കരുതിയിരുന്നു എങ്കിൽ കർത്താവു കേൾക്കയില്ലായിരുന്നു " (സങ്കീ. 65:18). ഞാൻ എന്താണ് പറഞ്ഞതെന്ന് കർത്താവു ശ്രദ്ധിക്കപോലുമില്ല. ഞാൻ പാപം ചെയ്യുമ്പോൾ എന്റെ പ്രാർത്ഥനയ്ക്ക് മറുപടി ഉണ്ടാകയില്ല.

ശ്രദ്ധിക്കുക, വേദപുസ്തകം പറയുന്ന മുറുകെ പറ്റുന്ന പാപങ്ങൾ (എബ്രാ. 12:1). നിങ്ങളെ സ്വാധീനിച്ചിരിക്കുന്നു എങ്കിൽ, നിങ്ങൾ അതിന് അടിമകളായിരിക്കുന്നു എങ്കിൽ, അതൊരു ഭാരമായിരിക്കുന്നു എങ്കിൽ, ജീവിതത്തിൽ അത് ഒരു വിഗ്രഹം ആയിരിക്കുന്നു അതിനെ ഉപേക്ഷിക്കുക.

" .............നിങ്ങളുടെ അകൃത്യങ്ങൾ അത്രേ നിങ്ങളെയും നിങ്ങളുടെ ദൈവത്തെയും തമ്മിൽ ഭിന്നിപ്പിച്ചിരിക്കുന്നത്; നിങ്ങളുടെ പാപങ്ങൾ അത്രേ അവൻ കേൾക്കാതവണ്ണം അവന്റെ മുഖത്തെ മറയ്ക്കുമാറാക്കിയത് (യെശ. 59:2). പാപം വേർപിരിക്കുന്നു. പാപം ദൈവമുഖത്തെ മറയ്ക്കുന്നു. പാപം ഉള്ളേടത്ത് ദൈവത്തിന്റെ സാന്നിദ്ധ്യമോ കൂട്ടായ്മയോ ഇല്ല".

എങ്കിലും ദൈവത്തിന്റെ സ്ഥിരമായ അടിസ്ഥാനം നിലനില്ക്കുന്നു; "കർത്താവ് തനിക്കുള്ളവരെ അറിയുന്നു എന്നും കർത്താവിന്റെ നാമം ഉച്ചരിക്കുന്നവൻ എല്ലാം അനീതി വിട്ടകന്നുകൊള്ളട്ടെ എന്നും ആകുന്നു അതിന്റെ മുദ്ര" (2 തിമൊ.2:19).

അത് ദൈവത്തിന്റെ കല്പനയാണ്. ദൈവം നമ്മെ കൈക്കൊള്ളണമെങ്കിൽ സകല പാപവും നാം വിട്ടു തിരിയണം. അതെ, എന്നിട്ട്, തെറ്റായതിനെ എല്ലാം വിട്ടു തിരിയണം, പരിശുദ്ധാത്മാവിനെ ദു:ഖിപ്പിക്കുന്ന എല്ലാറ്റെയും വിട്ടു തിരിയണം. അതിനെ ജീവിതത്തിൽ നിന്നും പറുത്താക്കണം. പാപത്തെ വിട്ടുകയളയുന്നതുവരെ ആത്മീയ ജീവിതത്തിൽ ഒരു ഉയർച്ചയും ഉണ്ടാകയില്ല.

പാപം ഒരു വഴിയിലെ കല്ലുപോലെയാണ്. അത് നമ്മെ തള്ളിയിടും. പാപത്തിന് നാം പിന്നെയും സമർപ്പിക്കപ്പെടുന്നു എങ്കിൽ, ഒരിക്കലും വിടുതലുണ്ടാകാത്ത നിലയിൽ അത് നമ്മെ അടിമപ്പെടുത്തിക്കൊണ്ടേയിരിക്കും. പാപത്തെവിടാതെ പിൻപറ്റുന്ന വിശ്വാസിയുടെ ജീവിതത്തിൽ ദു:ഖവും വേദനയും ഒഴിയാതെ തുടർന്നുകൊണ്ടിരിക്കും.

അതുകൊണ്ട് പാപത്തിന്റെ എല്ലാ അതിരുകളോടും നമുക്ക് വിടപറയാം. അല്ലെങ്കിൽ ഒരിക്കലും നാം, " സകല ബുദ്ധിയെയും കവിയുന്ന ദൈവസമാധാനത്തെ (ഫിലി. 4:1) പ്രാപിക്കയില്ല". പാപത്തെ നാം ഉപേക്ഷിച്ചില്ല എങ്കിൽ അതു നമ്മെ നശിപ്പിക്കും ... " ദ്രോഹിയുടെ വഴിയോ ദുർഘടം" (സദൃ. 13:15).

സ്നേഹിതാ, യേശുവിനെ നോക്കുക, അവിടുന്ന് ഏതു ബന്ധനത്തെയും ചങ്ങലയെയും തകർത്തു നമ്മെ സ്വതന്ത്രരാക്കും. അവിടുന്ന് ബദ്ധന്മാരെ വിടുവിക്കുന്നു. അവിടുന്ന് നിങ്ങളെയും വിടുവിക്കും. അതെ നിങ്ങളുടെ പാപത്തിൽ നിന്നും നിങ്ങളെ വിടുവിക്കും. അവിടുന്ന് രക്ഷിക്കാൻ മാത്രമല്ല, സംരക്ഷിപ്പാനും പ്രാപ്തനത്രേ. അവിടുത്തെ പരിശുദ്ധാത്മാവിന്റെ ശക്തിയാൽ ഏതു പാപത്തെയും ജയിക്കുവാൻ നിങ്ങൾക്ക് കഴിയും.

2) ദൈവത്തിന്റെ ഇഷ്ടത്തിനാണോ ഞാൻ ജീവിക്കുന്നത്?. " നിങ്ങളെത്തന്നെ ദൈവത്തിന് സമർപ്പിപ്പിൻ " (റോമ.6:13). ഞാൻ പൂർണ്ണമായി സമർപ്പിക്കപ്പെട്ടിട്ടുണ്ടോ? ഞാൻ പാടുന്നു. ഞാൻ അറിയുന്നു. അങ്ങയുടെ വഴിയാണ് എന്റെ വഴി എന്ന് ആവർത്തിച്ച് പാടുന്നു. എന്നാൽ യഥാർത്ഥമായി അങ്ങനെയാണോ? ദൈവം അയയ്ക്കുന്നിടത്ത് ഞാൻ പോകുമോ? അതോ, എന്റെ സ്വന്തം വഴിയാണോ? ക്രിസ്തുവിന്റെ ഇഷ്ടത്തിന് പകരം ഞാൻ എന്റെ ഇഷ്ടമാണോ ചെയ്യുന്നത്? യേശു എന്റെ ജീവിതത്തിന്റെ ഗുരുവും കർത്താവുമാണോ?

ദൈവത്തിന് അനുസരണമുള്ള മക്കളാണ് വേണ്ടത്. നാം തന്നിഷ്ടക്കാരാണെങ്കിൽ ദൈവത്തിന് നമ്മെ ഉപയോഗിപ്പാൻ കഴിയുന്നതല്ല. "അനുസരിക്കുന്നത് യാഗത്തെക്കാൾ നല്ലത് " (സങ്കീ. 15:22). നിഗളി സമൂഹത്തിന് ആപത്താണ്. ദൈവത്തിന് വിശ്വസ്തന്മാരെയാണ് ആവശ്യം. അബദ്ധങ്ങൾ സാധാരണയാണ്, പരാജയങ്ങൾക്ക് പരിഹാരമുണ്ട്, എന്നാൽ അവിശ്വസ്ത ഒരിക്കലും പാടുള്ളതല്ല.

ദൈവത്താൽ നാം ഉപയോഗിക്കപ്പെടണമെങ്കിൽ അനുസരണമുള്ളവരായിരിക്കണം. ദൈവം അയക്കുന്നിടത്തുപോകാൻ നാം തയ്യാറായിരിക്കണം. ദൈവത്തിന്റെ

(ശേഷം 5-ാംപേജിൽ)

# ക്രിസ്തീയ സേവനത്തിന്റെ ശക്തി

By. Samuel Chadwick

പരിശുദ്ധാത്മാവിന്റെ വരങ്ങൾ എന്നത് ക്രിസ്തീയ പ്രവർത്തനങ്ങളുടെ അനുഗ്രഹിക്കപ്പെട്ട ഒരു അനുഭവമാണ്. നമ്മുടെ വിശ്വാസത്തിന്റെ ജീവനാണത്. പരിശുദ്ധാത്മാവിന്റെ അധിവാസ സാന്നിദ്ധ്യം എന്നത് ക്രിസ്തീയ അനുഭവങ്ങളുടെ രഹസ്യമാണ്. പരിശുദ്ധാത്മാവിന്റെ അധിവാസത്തിന്റെ ശക്തി എന്നത് എല്ലാ ക്രിസ്തീയ പ്രവർത്തനങ്ങളുടെയും ശക്തിയാണ്.

പരിശുദ്ധാത്മാവിനെ സംബന്ധിച്ച വാഗ്ദത്തങ്ങൾ നമ്മെ ഉത്സാഹിപ്പിക്കുന്നു. പെന്തെക്കോസ്തിന്റെ ചരിത്രം നമ്മെ ഉത്തേജിപ്പിക്കുന്നു. ക്രിസ്തീയ സഭകളുടെ ചരിത്രം നമ്മെ ഉത്തേജിപ്പിക്കുന്നു. പരിശുദ്ധാത്മാവിൽ നാം വിശ്വസിക്കുന്നുവോ?

പെന്തെക്കാസ്തിൻ അനുഗ്രഹം നിറഞ്ഞ അനുഗ്രഹമാണ്. കാറ്റിന്റെയും തീയുടെയും സാദൃശ്യങ്ങൾ ശുശ്രൂഷയെയും അതിന്റെ മഹത്വത്തെയും വെളിപ്പെടുത്തുന്നു. എന്നാൽ അടിസ്ഥാന തത്വം എന്നത്, സർവ്വ വ്യാപിയായവൻ പരിശുദ്ധാത്മാവ് നമ്മിൽ വസിക്കുന്നു എന്നതാണ്. തീ, ശക്തി ധൈര്യം, സന്തോഷം ഇവയെല്ലാം നമ്മിൽ വസിക്കുന്ന പരിശുദ്ധാത്മാവിന്റെ ഉറവിടത്തിൽ നിന്നാണ് നമുക്ക് ലഭിക്കുന്നത്. അവ നമ്മിൽ നിറഞ്ഞ് കവിഞ്ഞൊഴുകുന്നു.

## നിറവ് വ്യത്യാസം ഉളവാക്കുന്നു

വില്യം ആർതർ എഴുതിയ പുസ്തകത്തിലെ അഗ്നിനാവുകൾ എന്ന അനുഗ്രഹിക്കപ്പെട്ട ഭാഗം പറയുന്നത്, നിറവ് വ്യത്യാസം ഉളവാക്കുന്നു എന്നാണ്. ഒരു കഷണം ഇരുമ്പ് ഇരുണ്ട നിറമുള്ളതും തണുത്തതുമാണ്. ഒരു നിശ്ചിത ചൂടിൽ അതു ചൂടാക്കുമ്പോൾ അത് കത്താൻ തുടങ്ങും, ഒരു നിശ്ചിത ചൂടാകുമ്പോൾ അത് തീയായി മാറും. അതിനെ തൊടുന്നവർക്ക് അത് തീയാണ്.

വെള്ളം തണുത്ത് പൊട്ടിച്ചാൽ പൊട്ടിച്ചിതറുന്ന രൂപത്തിലാവുന്നു; അതിനെ ചൂടാക്കുമ്പോൾ അത് ഒഴുകാൻ തുടങ്ങും; വീണ്ടും ചൂടാക്കിയാൽ അത് ആകാശത്തിൽ മേഘമായി മാറും. ഒരു ഹാർമോണിയം സാധാരണ വായുവിൽ അതിന് പ്രത്യേകതകളൊന്നുമില്ല. എന്നാൽ വായുവിന്റെ സമ്മർദ്ദത്തിൽ അത്, ഈണം നൽകുന്ന ഒരു വാദ്യ ഉപകരണമായി മാറുന്നു.

അതുപോലെയാണ്, പരിശുദ്ധാത്മാവില്ലാത്ത ജീവിതം. എന്നാൽ പരിശുദ്ധാത്മാവ് ജീവിതത്തെ വ്യത്യസ്തമാക്കിത്തീർക്കുന്നു.

## പെന്തെക്കോസ്തു വ്യത്യാസം ഉളവാക്കുന്നു

ആത്മാവു ജീവിതത്തിന്റെ സകല മണ്ഡലങ്ങളേയും വ്യത്യാസപ്പെടുത്തുന്നു. നമ്മുടെ ജീവിതത്തിന്റെ അകത്തെ ഇരിപ്പിടം പരിശുദ്ധാത്മാവിന്റെ വാസസ്ഥലമാണ്. അത് അവിടെ വസിച്ചുകൊണ്ട് നമ്മുടെ മുഴു ജീവിതത്തേയും ശക്തിപ്പെടുത്തുകയും നിയന്ത്രിക്കയും ചെയ്യുന്നു. മാളിക മുറിയിൽ

(ശേഷം 4-ാംപേജിൽ)

**കർത്താവിൽ പ്രിയരേ,**

യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹ വന്ദനം.

“ദൈവമേ എന്നോടു കൃപയുണ്ടാകണമേ. എന്നോടു കൃപയുണ്ടാകണമേ. ഞാൻ നിന്നെ ശരണം പ്രാപിക്കുന്നു. അതേ, ഈ ആപത്തുകൾ ഒഴിഞ്ഞുപോകുവോളം ഞാൻ നിന്റെ ചിറകിൻകീഴിൽ ശരണം പ്രാപിക്കുന്നു. അത്യുന്നനായ ദൈവത്തെ ഞാൻ വിളിച്ചപേക്ഷിക്കുന്നു. എനിക്കു വേണ്ടി സകലവും നിർവ്വഹിക്കുന്ന ദൈവത്തെ തന്നെ ” (സങ്കീയ 57:1,2)

2020 വർഷത്തിന്റെ സെപ്റ്റംബർ മാസം നമ്മെ വിട്ട് കടന്നുപോയി. ഒക്ടോബർ മാസത്തിലേക്ക് നാം കടന്നു വന്നിരിക്കുന്നു.

ഈ ലോകത്തിൽ ജീവിക്കുന്ന നാളെല്ലാം വലിയവനായ ഈ ദൈവത്തെ ആശ്രയമാക്കിക്കൊള്ളുന്നു എങ്കിൽ അത് എത്ര വലിയ ഭാഗ്യമാണ്. നമ്മുടെ സകല ആവശ്യങ്ങൾക്കും പ്രശ്നങ്ങൾക്കും ഉത്തരമാണ് യഹോവ തന്നെ ആശ്രയമായിരിക്കുക എന്നത്. എല്ലാ പ്രശ്നങ്ങളെയും തരണം ചെയ്യുവാനുള്ള ആത്മവീര്യവും അതു നമ്മിൽ പകർന്നു തരും. പ്രിയരേ നമ്മുടെ ആശ്രയം ആരിലാണ് അധിഷ്ഠിതമായിരിക്കുന്നത് ദൈവത്തിലോ മറ്റു ഭൗതിക വസ്തുക്കളിലോ? ദൈവത്തിൽ പൂർണ്ണമായി ആശ്രയിച്ച് തൃപ്തനായിരിക്കുവാൻ നമുക്ക് തീരുമാനിക്കാം. കടുത്ത ദു:ഖത്തിലും വേദനയിലും പ്രതിസന്ധിയിലും നമ്മെ കൈവിടാത്ത ഒരു ദൈവമാണ് നമുക്കുള്ളതെന്ന ചിന്ത നമ്മിലെ ദൈവാശ്രയം വർദ്ധിക്കുവാൻ ഇടയാകട്ടെ.നിശ്ചയമായും ദൈവം നിങ്ങൾക്കു കൃപ നൽകട്ടെ.

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ **IFSC code SBIN 0070028 A/c. No. 67342839891** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.

എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.

മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴി അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്ന് ക്രിസ്തുവിൽ എളിയ സഹോദരി,
ബിന്ദു.എം

ആഗമനദൂതൻ
ബിന്ദു.എം
എഡിറ്റർ
Mob:8589901702
അഡ്വ.നോബിൽ
അസോസിയേറ്റ് എഡിറ്റർ
Mob: 9446590913, 9809882926
കരിത്തിലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ.,
തിരുവനന്തപുരം - 695032
Mob:8589901702
E-mail:bindhum1971@yahoo.in
മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക
മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

# അമേരിക്കക്ക് വേണ്ടിയുള്ള പ്രാർത്ഥന

By. Dave Butts

അനേകർ അങ്ങനെ പ്രശ്നത്തിൽ കൂടി കടന്നുപോകുമ്പോൾ പ്രാർത്ഥിക്കണമെന്ന് അറിയാതെ ഇരിക്കുമ്പോൾ ഞാൻ ഇവിടെ നമ്മുടെ രാജ്യത്തിനായിട്ട് പ്രാർത്ഥിക്കുന്നു. ഇതിൽ നിങ്ങളും പങ്കാളിത്വം ആകേണ്ടതിന് ഞാൻ അഗ്രഹിക്കുന്നു.

പിതാവേ, അവിടുന്ന് എല്ലാം ആകുന്നു. അവിടുന്ന് രാജാവും എല്ലാറ്റിന്റെയും സൃഷ്ടികർത്താവുമാണെന്ന് അറിഞ്ഞ്കൊണ്ട് ഞാൻ തിരുമുമ്പിൽ മുട്ടുമടക്കുന്നു. “ ഇതാ ജാതികൾ തുലാകൊട്ടയിലെ ഒരു തുള്ളിപ്പോലെയും തുലാസിലെ ഒരു പൊടിപ്പോലെയും അവനു തോന്നുന്നു ” (യെശ. 40:15). യെശയ്യാവ് പ്രവാചകൻ പറഞ്ഞതുപോലെ ഞാൻ നിന്റെ സന്നിധിയിൽ വരുന്നു. എന്നേക്കും നിലനില്ക്കുന്ന ഒരു സാമ്രാജ്യമോ ശക്തിയോ ഇല്ല. അവിടുന്ന് ഹിതമുള്ള രീതിയിൽ രാജ്യങ്ങളെ അവിടുത്തെ ലക്ഷ്യപ്രാപ്തിക്കായിട്ട് ഉപയോഗിക്കുന്നു. അപ്പോസ്തലനായ പൗലൊസ് പറയുന്നതുപോലെ “ഭൂതലത്തിൽ എങ്ങും കുടിയിരിപ്പാൻ അവൻ ഒരുത്തനിൽ നിന്നു മനുഷ്യജാതിയെ ഒക്കെയും ഉളവാക്കി അവരുടെ നിവാസത്തിനു അതിരുകളും കാലങ്ങളും നിശ്ചയിച്ചു” (അ പ്ര. 17:26).

അമേരിക്കയിൽ ജീവിക്കുവാൻ ദൈവം സഹായിച്ചതിനായിട്ട് ഞാൻ ദൈവത്തിന് നന്ദി കരേറ്റുന്നു. വിശ്വാസവീരന്മാരായ ഞങ്ങളുടെ പൂർവ്വപിതാക്കന്മാരാണു ഈ രാജ്യത്തിന്റെ നിർമ്മാണത്തിനായിട്ട് അവിടുന്ന് ഉപയോഗിച്ചതിനാൽ ഞാൻ ദൈവത്തിന് സ്തോത്രം ചെയ്യുന്നു. ഞങ്ങൾ ഇന്ന് ഈ രാജ്യത്തിൽ അനുഭവിക്കുന്ന സ്വാതന്ത്ര്യത്തിനായിട്ട് ചെലവിട്ട അവരുടെ വിലയേറിയ സമയങ്ങളെയും പ്രവർത്തനങ്ങളെയും വിലപ്പെട്ട ജീവനെയും നഷ്ടപ്പെടുത്തിയതിനാൽ.

ഇന്ന് ഞങ്ങളുടെ വാഗ്ദത്തത്തിൽ നിന്ന് ഞങ്ങൾ വീണുപോയത് ഞാൻ അംഗീകരിക്കുന്നു. ഉയരത്തിൽ നിന്നുള്ള ശക്തിക്കോ കൃപയ്ക്കോ ഞങ്ങൾ ആശ്രയിക്കാതെ, സ്വന്തം ശക്തിയിലും കഴിവിലും ആശ്രയിച്ചും. ദരിദ്രനെ സഹായിക്കുവാനോ കഷ്ടപ്പെടുന്നവനെ ആദരിക്കുവാനോ ഞങ്ങൾക്ക് കഴിഞ്ഞില്ല. രോഗികളെയും പ്രായമായവരെയും പരിചരിക്കുന്നതിൽ ഞങ്ങൾ പരാജയപ്പെട്ടും

എല്ലാവരും അവിടുത്തെ മക്കളാകാനുള്ള പരിഗണന ഇല്ലാതായി. വർഗ്ഗീയതയും അനീതിയും ഇവിടെ കുലകുത്തി വാഴുന്നു. ഞങ്ങളിൽ ചിലർ, ഞങ്ങളുടെ പുറംഭാഗം കൊണ്ടാണ് നിന്നെ അന്വേഷിക്കുന്നത്.

ഇപ്പോൾ ഞങ്ങൾ വലിയ കഷ്ടത്തിലാണ്. ഞങ്ങളുടെ സമ്പത്ത് തകർന്നു. പൗരൻമാർ മരിക്കുന്നു. പല തരത്തിൽ രാജ്യം വിഭജിക്കപ്പെട്ടിരിക്കുന്നു. ഈ പ്രശ്നം അഭിമുഖീകരിച്ച് ഞങ്ങളുടെ നേതാക്കന്മാർ ധാരാളമാണ്. അവിടുത്തെ കൃപയും ദയയും അവരുടെമേൽ പകരണമേ. അവിടുത്തെ പരിശുദ്ധാത്മാവിനാൽ നിറയ്ക്കുകയും നല്ല ബുദ്ധി നല്കുകയും നിർണ്ണായ സമയത്തെ വിവേചിച്ച് മുന്നേറുവാനും സാഹായിക്കേണമേ.

കർത്താവേ ഞങ്ങൾ പശ്ചാത്തപിക്കുന്നു. ഒരു മാനസാന്തരത്തിന്റെ ആത്മാവിനെ ഞങ്ങളുടെ ദേശത്ത് അയക്കേണമേ. പാപത്തിൽ നിന്ന് നിന്ന് മടങ്ങിവരുവാനും ദൈവത്തിങ്കലേയ്ക്കു വരുവാനും സഹായിക്കേണമേ. ഞങ്ങൾ അവിടുത്തേയ്ക്ക് വരുമ്പോൾ, ഡനത്തിന്മേൽ ഒരു വലിയ ഉണർവ്വിനെ ഒരിക്കൽ കൂടി അയക്കാമോ. പൂർണ്ണ ആത്മാവോടും, ശക്തിയോടും ഹൃദയത്തോടും അങ്ങയെ സ്നേഹിപ്പാൻ കർത്താവേ സഹായിക്കേണമേ.

കർത്താവേ ഞങ്ങൾ പശ്ചാത്തപിക്കുന്നു; ഒരു മാനസാന്തരത്തിന്റെ ആത്മാവിനെ ഞങ്ങളുടെ ദേശത്ത് അയക്കേണമേ. പാപത്തിൽ നിന്നും മടങ്ങി വരുവാനും ദൈവത്തിങ്കലേയ്ക്കു വരുവാനും സഹായിക്കേണമേ. ഞങ്ങൾ അവിടുത്തേക്ക് വരുമ്പോൾ ഈ ജനത്തിന്മേൽ ഒരു വലിയ ഉണർവ്വിനെ ഒരിക്കൽകൂടി അയയ്ക്കാമോ. പൂർണ്ണ ആത്മാവോടും, ശക്തിയോടും ഹൃദയത്തോടും അങ്ങയെ സ്നേഹിപ്പാൻ കർത്താവേ സഹാ

(ശേഷം 8-ാംപേജിൽ)

## രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

| | |
|---|---|
| **അംഗീകരിക്കുക** | *ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)* |
| **പശ്ചാത്തപിക്കുക** | *അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും (ലൂക്കൊ. 13;3)* |
| **ഏറ്റുപറയുക** | *നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)* |
| **ഉപേക്ഷിക്കുക** | *ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.* |
| **ശുദ്ധീകരിപ്പെടുക** | *അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).* |
| **വിശ്വസിക്കുക** | *തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)* |
| **സമർപ്പിക്കുക** | *ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്താങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)* |
| **പ്രാപിച്ചെടുക്കുക** | *യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)* |

# പ്രാർത്ഥനയിലുള്ള ആത്മവിശ്വാസം

By. Harold Vaughan

ബൈബിൾ നമ്മോട് നിർദ്ദേശിക്കുന്നു. പ്രാർത്ഥനയിക്കായിട്ട് നാം ദൈവസന്നിധിയിൽ വരേണ്ടത് പ്രാർത്ഥനയോടും ആത്മവിശ്വാസത്തോടുംകൂടെ ആയിരിക്കണമെന്നും “ അതുകൊണ്ട് കരുണ ലഭിപ്പാനും തത്സമയത്തു സഹായിത്തിനുള്ള കൃപ പ്രാപിപ്പാനുമായി നാം ധൈര്യത്തോടെ കൃപാസനത്തിന്റെ അടുത്തുചെല്ലുക ” (എബ്രാ. 3:16). ധൈര്യത്തോടെ എന്ന വാക്ക് അർത്ഥമാക്കുന്നത്; ഉറപ്പ് നല്കൽ ലളിത ഭാഷണത്തിന്റെയും തുറന്നടിക്കുന്ന പ്രകൃതം മുതലായവയാണ്. ഇത് സൂചിപ്പിക്കുന്നത് ദൈവത്തിലുള്ള നമ്മുടെ ആശ്രയത്തെയുമാണ്.

ദൈവത്തോട് പ്രാർത്ഥനയിൽ കൂടി നാം സമീപിക്കുമ്പോൾ നാം സ്വീകരിക്കേണ്ട ഒരു പെരുമാറ്റചട്ടം ആണ് അവനിലുള്ള ആശ്രയത്വം. ഭീരുത്വം ഒരിക്കലും വിനയത്വമല്ല. സ്വർഗ്ഗത്തിലെ പിതാവിനെ ലജ്ജയോടും നാണത്തോടുകൂടി അല്ല പ്രാർത്ഥനയിൽ നമ്മൾ അന്വേഷിക്കേണ്ടത്. അത് വിശ്വാസത്തോടെയും ആശ്രയത്വത്തിലും ആയിരിക്കേണം. “ അതുകൊണ്ടു സഹോദരന്മാരേ യേശു തന്റെ ദേഹം എന്ന തിരശ്ശീലയിൽ കൂടി നമുക്കു പ്രതിഷ്ഠിച്ച ജീവനുള്ള പുതുവഴിയായി ” (എബ്രാ. 10:12). യേശുക്രിസ്തുവിന്റെ രക്തത്താൽ നമ്മൾക്ക് അവിടുത്തെ വിശുദ്ധ സ്ഥലത്ത് പ്രവേശിക്കുവാനും പ്രാർത്ഥിക്കുവാനും അധികാരം ഉണ്ട്. പിതാവ്, അവിടുത്തെ മക്കളെ യേശുവിന്റെ അടുക്കലേക്കു പൂർണ്ണ ആശ്രയത്തിൽ കടന്ന് വരുവാൻ ക്ഷണിക്കുന്നു.

വെള്ളത്തിൽ നടക്കണമെങ്കിൽ നന്മകൾ വെള്ളത്തിതൽ നിന്നു ഇറങ്ങിയാൽ മാത്രമേ കഴിയൂ. വലിയ കാറ്റ് അടിച്ചപ്പോൾ ശിഷ്യന്മാർ കപ്പലിൽ ഉണ്ടായിരുന്നു. കാറ്റും കോളും പടകിനെ തിരെ ആഞ്ഞടിച്ചപ്പോൾ യേശു അവരുടെ മുമ്പിൽ വന്നു. യേശു പ്രത്യക്ഷപ്പെട്ടപ്പോൾ ശിഷ്യന്മാർ ഏവരും ഭയപ്പെട്ടു. എന്നാൽ യേശു തന്നെത്താൻ അവരുടെ മുമ്പിൽ വെളിപ്പെടുത്തുകയും അവരോട് ഭയപ്പെടേണ്ടാ എന്ന് പറഞ്ഞ് സമാധാനിപ്പിക്കുകയും ചെയ്തു. യേശുവിനെ കണ്ട ശിഷ്യന്മാരിൽ പത്രോസ് മാത്രമാണ് യേശുവിന്റെ അടുക്കലേയ്ക്കു വെള്ളത്തിൽ കൂടി നടക്കുവാൻ ധൈര്യം പ്രകടിപ്പിച്ചത് (മത്താ. 14:28). അതെ ധൈര്യവും ആശ്രയത്വം പത്രോസിന് ഉണ്ടായിരുന്നതുകൊണ്ടാണു ഇവിടെ ഇത് സാദ്ധ്യമായത്.

ഈ മാതൃകയിലുള്ള പ്രാർത്ഥന ദൈവത്തെ പ്രസാദിപ്പിക്കുന്നു. പൂർണ്ണമായിട്ടു ദൈവത്തിലുള്ള ആശ്രയത്തോടുള്ളത്. ധൈര്യത്തോടുള്ള പ്രാർത്ഥന കാറ്റിനെയും കോളിനെയും ശാന്തമാക്കുന്നു. വിശ്വാസത്തോടുകൂടിയ പ്രാർത്ഥന നമ്മുടെ സാഹചര്യങ്ങളെയും ചുറ്റുപാടുകളുടെയും പരിമിതികൾ തകർക്കുകയും ദൈവപ്രവൃത്തി നമ്മൾക്ക് വെളിപ്പെടുത്തുകയും ചെയ്യും. അങ്ങനെ നമുക്ക് വിശ്വാസത്തോടെയും ധൈര്യത്തോടെയും വാഗ്ദത്തങ്ങളോടുകൂടി കൃപാസനത്തോളം കടന്ന് ചെല്ലാം. അവനിൽ ആശ്രയിച്ചിട്ടു അവങ്കലുള്ള വിശ്വാസത്താൽ നമുക്കു ധൈര്യവും പ്രവേശനവും ഉണ്ട് (എഫെ. 3:12).

ആ വിശ്വാസം ഒരു ഗുരുതരമായ കാര്യമാണ്, ഇത് ദൈവത്തെ പരിമിതപ്പെടുത്തുന്നു. യിസ്രായേൽ ജനം അവരുടെ അവിശ്വാസത്താൽ പ്രലോഭിക്കപ്പെടുന്നു. പരീക്ഷിക്കപ്പെടുന്നു. ദു:ഖിതരായി തീരുന്നു. “അവർ പിന്നെയും പിന്നെയും ദൈവത്തെ പരീക്ഷിച്ചു; യിസ്രായേലിന്റെ പരിശുദ്ധനെ മുഷിപ്പിച്ചു” (സങ്കീ. 78:41). ആർ.എ.റ്റോറി പറയുകയാണ് വിശ്വാസം എന്നത്, ദൈവം തന്റെ വചനം എടുക്കുക. തീത്തോസ് 1:2-ൽ കാണുന്നതിപോലെ ദൈവം ഭോഷ്കിൽ ഇഷ്ടപെടുന്നില്ല. ബൈബിൾ മുഴുനായിട്ടും ദൈവീക അരുളപ്പാടുകളിൽ ആശ്രയിക്കുന്നവനാണ് നമ്മളെ പ്രോത്സാഹിപ്പിക്കുന്നത്. ദൈവം സന്തോഷിക്കുന്നു. തന്റെ മക്കൾ തന്നിൽ വിശ്വസിക്കുമ്പോൾ ധൈര്യത്തോട് അവിടുത്തോട് സമീപിക്കുന്നവനാണ് കർത്താവ് പറയുന്നത്. ഇത് നമ്മുടെ വിശ്വാസമാണ് ദൈവം നമ്മൾക്ക് കൃപയും ദയയും നല്കുമെന്നുള്ളത്.

നമ്മുടെ ചുറ്റുപാടുകളിൽ നിന്നും നോക്കുമ്പോൾ നമ്മൾ ദു:ഖിച്ച് പോയേക്കാം. കേവലം മനുഷ്യരെ നോക്കുമ്പോൾ നമ്മൾ വിഷമിച്ച് പോയേക്കാം. ഉള്ളിലേക്ക് നോക്കുമ്പോൾ നമ്മൾ നിരാശപ്പെട്ടേക്കാം. എന്നാൽ യേശുക്രിസ്തുവിൽ നോക്കുമ്പോൾ നമ്മൾ അംഗീകരിക്കപ്പെടും. അതുകൊണ്ട് ദൈവത്തെ നമ്മൾക്ക് വിശ്വാസത്തോട് സമീപിക്കാം.

❖

(2-ാംപേജിന്റെ തുടർച്ച)

**ക്രിസ്തീയ സേവനത്തിന്റെ ശക്തി**

കാത്തിരുന്ന ശിഷ്യന്മാരെ ചേർത്ത് പരിശുദ്ധാത്മാവ് ശക്തീകരിക്കുന്നു. ഇന്നും കാത്തിരിക്കുന്ന തന്റെ ഭക്തന്മാരെ ശക്തീകരിക്കുന്നു.

ദൈവം താൻ തേജസ് ധരിക്കുന്നു. തന്റെ മക്കളേയും തേജസ് ധരിപ്പിക്കുന്നു. അവരിൽ ദൈവം ഒരു ശരീരമായിത്തീരുന്നു. ദൈവത്തിൽ തന്റെ മക്കൾ ആത്മിക അനുഭവങ്ങളും അധികാരവും പ്രാപിക്കുന്നു. സംശയലേശമില്ലാതെ സ്വയബോധം നഷ്ടപ്പെടാതെ ദൈവത്തിന്റെ അടിസ്ഥാന ഗുണങ്ങൾ നഷ്ടപ്പെടാതെ ദൈവത്തിന്റെ മനസിനോടും ദൈവത്തിന്റെ പ്രവൃത്തിയോടും ഇഴുകിച്ചേരുന്നു.

പരിശുദ്ധാത്മാവിന്റെ സ്വധീനം പെന്തെക്കോസ്തു നാളിൽ ശിഷ്യന്മാരിൽ പ്രകടമാവുകയാണ്., ആ അനുഭവം തന്റെ വാഗ്ദത്തത്തിന്റെ നിവർത്തിയാണ്. പരിശുദ്ധാത്മാവ് നിങ്ങൾക്ക് അറിവു തരും എന്ന് യേശു ശിഷ്യന്മാരോടു പറഞ്ഞു. സത്യത്തിന്റെ ആത്മാവ് വരുമ്പോൾ അത് നിങ്ങളെ സകല സത്യത്തിലും വഴി നടത്തും എന്ന് പറഞ്ഞു. അങ്ങനെ സംഭവിച്ചു.

അവർ പഠിപ്പിച്ച ദൈവവചനത്തിന്റെ അത്ഭുതങ്ങളെക്കാളുപരിയായതൊന്നും പെന്തെക്കോസ്തുനാളിലുണ്ടായില്ല. പ്രവചനം പുതിയ അർത്ഥത്തിൽ വെളിപ്പെട്ടു. കർത്താവായ യേശു ക്രിസ്തുവിന്റെ മരണപുനരുത്ഥാനങ്ങൾ ദൈവത്തിന്റെ നിത്യമായ ഉദ്ദേശത്തിന്റെ വെളിച്ചത്തിൽ വ്യാഖ്യാനിക്കപ്പെട്ടു.

ദൈവവചനം പുതിയതായിത്തീർന്നു. ക്രിസ്തുവിന്റെ പഠിപ്പിക്കലിന്റെ ചരിത്രവും ശുശ്രൂഷയും പുതിയമാനം

(ശേഷം 6-ാംപേജിൽ)

(1-ാംപേജിന്റെ തുടർച്ച)

**അത്യന്തം പ്രധാനപ്പെട്ട ഏഴു ചോദ്യങ്ങൾ**

തെരഞ്ഞെടുപ്പിനും അവിടുത്തെ ഇഷ്ടത്തിനും നാം ഏല്പിക്കപ്പെടണം. നാം ദൈവത്തിന് യഥാർത്ഥമായി സമർപ്പിക്കപ്പെടുമ്പോൾ, ദൈവത്തിന്റെ പദ്ധ തി നമ്മുടേതായിത്തീരുന്നു, മാത്രമല്ല, ദൈവത്തിന്റെ ഇഷ്ടത്തിൽ നാം സന്തോഷിക്കയും ചെയ്യുന്നു.

ദൈവം ഒരു കഠിനമനുഷ്യൻ എന്ന് ഒരിക്കലും ചിന്തിക്കരുത്. അവിടുന്ന് നിർബ്ബന്ധിക്കുന്നത് ഞാൻ ചെയ്യുന്നു, എന്നല്ല, അവിടുന്നു നമ്മുടെ പിതാവാണ്. അവിടുന്ന് സ്നേഹത്തോടെ നമ്മെ സ്വസ്ഥതയുള്ള വെള്ളത്തിനരികിലേയ്ക്ക് നടത്തുന്നു. ദൈവത്തെ മഹത്വപ്പെടുത്തുന്ന നല്ല തീരുമാനങ്ങൾ അവിടുന്ന് നമ്മുടെ ഉള്ളിൽ തരുന്നു. അവിടുന്ന് നമ്മോടു ചോദിക്കുന്ന നമ്മുടെ ദേഹം, ദേഹി, ആത്മാവ് എല്ലാം ദൈവത്തിന് സമർപ്പിക്കപ്പെട്ടവയാണ്. അനുസരണമില്ലാതെ നമുക്ക് ദൈവവുമായി യാതൊരു കൂട്ടായ്മയുമില്ല.

3) ഓരോ ദിവസവും ഞാൻ പ്രാർത്ഥനയിൽ സമയം ചെലവിടുന്നുണ്ടോ? പ്രാർത്ഥന നിങ്ങൾ ഉപേക്ഷിക്കുന്നു എങ്കിൽ നിങ്ങൾ ബലഹീനരാണ്. " കർത്താവിനെ കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും". പ്രാർത്ഥനയുടെ അന്തരീക്ഷം ജീവിതത്തിലുണ്ടെങ്കിൽ ശത്രുവിനെതിരെ യുദ്ധത്തിന് നിങ്ങൾ തയ്യാറാണ്. യേശു പ്രാർത്ഥിച്ചു. രാത്രികൾ മുഴുവൻ യേശു പ്രാർത്ഥനയിൽ ചെലവഴിച്ചു. പൗലൊസ് പ്രാർത്ഥിച്ചു. ആദിമ സഭ പ്രാർത്ഥിച്ചു. ദൈവത്താൽ ഉപയോഗിക്കപ്പെട്ട പുരുഷന്മാരും സ്ത്രീകളും ദൈവത്തോട് പ്രാർത്ഥിച്ചു.

അതുകൊണ്ട് ഞാൻ എന്നോടു തന്നെ ചോദിക്കുന്ന ചോദ്യം, ഞാൻ പ്രാർത്ഥിക്കുന്നുവോ? ഞാൻ ദൈവത്തിൽ ആശ്രയിക്കുന്നുവോ? ദിനംതോറും ദൈവവുമായുള്ള ബന്ധം ഞാൻ കാത്തുസൂക്ഷിക്കുന്നുവോ? ഞാൻ ഒരു പ്രാർത്ഥനാ മനുഷ്യൻ എന്ന നിലയിൽ ദൈവം എന്നെ അറിയുന്നുവോ? അതോ ഞാൻ പരാജയപ്പെട്ടവനാണോ? അങ്ങെയെങ്കിൽ എന്റെ തീരുമാനത്തിലേയ്ക്ക് മടങ്ങിവരുവാനും രാവിലെതോറും ദൈവമുഖം അന്വേഷിപ്പാനും അവിടുന്ന് എന്നെ സഹായിക്കട്ടെ.

4) ഞാൻ ദൈവവചനം പഠിക്കുന്നതിൽ സന്തോഷിക്കുന്ന ഒരു വിദ്യാർത്ഥിയാണോ?

ദൈവം തന്റെ വചനത്തിലൂടെയാണ് നമ്മോട് സംസാരിക്കുന്നത്, ദൈവവചനത്തെ നിഷേധിക്കുന്നവൻ, തന്റെ ജീവിതത്തിൽ നിന്ന് ദൈവശബ്ദത്തെ ഒഴിവാക്കുകയാണ് ചെയ്യുന്നത്. ദൈവവചനധ്യാനത്തിന് സമയം ചെലവഴിക്കുന്നില്ലെങ്കിൽ നാം ദൈവത്തിന്റെ നടത്തിപ്പിനെ അവഗണിക്കുകയാണ് ചെയ്യുന്നത്. ദൈവവചനത്തിന് പകരമായി മറ്റൊന്നില്ല. ഇത് മനുഷ്യനോടുള്ള ദൈവത്തിന്റെ വചനമാണ്. ഞാൻ ദൈവത്തെ യഥാർത്ഥമായി അറിയണമെങ്കിൽ, ഞാൻ അത് പോടിക്കേണ്ടത് ആവശ്യമാണ്. ഞാൻ അത് വായിക്കുന്തോറും എനിക്ക് അതിലുള്ള താൽപര്യം വർദ്ധിക്കുന്നു. അത് ഒഴിവാക്കി ജീവിക്കുവാൻ എനിക്കു കഴിയില്ല എന്ന് ഞാൻ മനസിലാക്കുന്നു. ദൈനംദിന ജീവിതത്തിൽ അത് എന്റെ ഭക്ഷണവും പാനീയവുമാണ്.

എന്റെ ക്രിസ്തീയജീവിതത്തിന്റെ ആരംഭഘട്ടത്തിൽ ഞാൻ അത് വീണ്ടും വീണ്ടും വായിക്കുമായിരുന്നു. ഞാൻ മാനസാന്തരപ്പെട്ടപ്പോൾ ദിനംതോറും അത് വായിച്ചു. ആദ്യം ഞാൻ വായിച്ചതുപോലെ ഇന്നും എനിക്കത് പുതുതായി തന്നെ ഇരിക്കുന്നുവോ? അപ്പോസ്തലന്മാരുടെയും പ്രവാചകന്മാരുടെയും അനുഭവങ്ങൾ നമ്മുടെയും സന്തോഷമായിരിക്കുന്നുവോ? ദാവീദിന്റെ സങ്കീർത്തനങ്ങളിൽ നിന്നും നാം ഇപ്പോഴും ആശ്വാസം കണ്ടെത്തുന്നുണ്ടോ? ദൈവവചനം ഇന്നും നമുക്ക് ജീവന്റെ പുസ്തകമായി തന്നെ ഇരിക്കുന്നുവോ? ഇന്നും നാം അതിൽ നിന്നും ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്യുന്നുണ്ടോ?

ഒരു പക്ഷേ ഞാൻ ക്ഷീണിതനായിരിക്കാം. ദൈവം തന്റെ വചനത്തെ ഭക്ഷണത്തോടും പാലിനോടും ഉപമിച്ചിരിക്കുന്നു. ഞാൻ ആരോഗ്യവാനായിരിക്കണമെങ്കിൽ ദിനംതോറും അതിലേയ്ക്ക് തിരിയേണ്ടതാണ്. അതുകൊണ്ട്, ദൈവവചനത്തിന്റെ ഒരു നല്ല വിദ്യാർത്ഥിയായിരിക്കുവാൻ ദൈവം എന്നെ സഹായിക്കുമാറാകട്ടെ.

5) ഞാൻ ക്രിസ്തുവിനെ പരസ്യമായി ഏറ്റുപറയുന്നുവോ? എന്റെ ക്രിസ്തീയ ജീവിതത്തിന്റെ ആദിമ ഘട്ടങ്ങളിൽ ഞാൻ ആത്മാക്കളെക്കുറിച്ച് ദാഹമുള്ളവനായിരുന്നു. തെരുക്കോണുകളിൽ പോയി ദൈവവചനം പറയുന്നവരോട് ചേർന്ന് എന്റെ സാക്ഷ്യങ്ങളെ പറയുമായിരുന്നു. സുവിശേഷം പറയുന്നതിലും ആത്മാക്കളെ നേടുന്നതിലും ഞാൻ ആനന്ദം കണ്ടെത്തിയിരുന്നു. ദൈവം എനിക്ക് ചെയ്തതിനെക്കുറിച്ചു മറ്റുള്ളവരോട് പറയുവാൻ അവസരങ്ങൾ നോക്കിപ്പാർത്തിരുന്നു. എന്റെ കൂട്ടുകാരുടെ ഭവനങ്ങളിൽ പ്രത്യേകിച്ച് ഭൂതബാധിതുടെ ഭവനങ്ങളിൽ പോലും ഞാൻ പോയിരുന്നു.

എന്നാൽ ഇന്ന് എങ്ങനെയാണ്? ആദ്യ സ്നേഹം എനിക്ക് നഷ്ടപ്പെട്ടു പോയോ? ഞാൻ വ്യത്യാസപ്പെട്ട് തണുത്തുപോയോ? ദൈവത്തിന്റെ തീ എന്റെ ഹൃദയത്തിൽ കത്തുന്നുണ്ടോ? അതോ, ആത്മഭാരമില്ലാതെ വെറും മതാചാരങ്ങളിൽ മുഴുകിയിരിക്കുകയാണോ? എങ്കിൽ, എന്തുകൊണ്ട്? എന്തു സംഭവിച്ചു? ഞാൻ പാടുന്നു, ആത്മാക്കൾ നശിച്ചുപോകുന്നു. എന്നാൽ അവരുടെ രക്ഷയ്ക്കായി ഞാൻ എന്തെങ്കിലും ചെയ്യുന്നുണ്ടോ? നശിച്ചുപോകുന്നവരുടെ സംരക്ഷണത്തെക്കുറിച്ച് ഞാൻ പാടുന്നുണ്ട്. എന്നാൽ ഞാൻ അതിനുവേണ്ടി എന്തെങ്കിലും ചെയ്യുന്നുണ്ടോ? "നശിച്ചുപോകുന്നവർക്കുവേണ്ടി കരയുക എന്നു പാടുന്നവരോട് ചേർന്നു പാടുന്നുണ്ട്. എന്നാൽ നമ്മുടെ കണ്ണ് നനയുന്നുണ്ടോ അവർക്കുവേണ്ടി കരയുന്നുണ്ടോ? നഷ്ടപ്പെടുന്നവർക്കുവേണ്ടി എന്തെങ്കിലും ചെയ്യുന്നുണ്ടോ?

അങ്ങനെ അല്ലെങ്കിൽ നമ്മുടെ കുറവുകളെ കണ്ടുപിടിച്ചു അതിന് പരിഹാരം കണ്ടെത്തുക. ഞാൻ ക്രിസ്തുവിനെ പരസ്യമായി ഏറ്റുപറയണം. ഞാൻ ക്രിസ്തുവിനെ അറിയിക്കണം. അവന്റെ സാക്ഷിയാകുക

( ശേഷം 6-ാം പേജിൽ)

(5-ാംപേജിന്റെ തുടർച്ച)

## അത്യന്തം പ്രധാനപ്പെട്ട ഏഴു ചോദ്യങ്ങൾ

എന്നത് കല്പനയാണ്. അതുകൊണ്ട് ഞാൻ വീണ്ടും എഴുന്നേറ്റ് സാക്ഷിക്കട്ടെ. നിശ്ചയമായും. ലഘു ലേഖകൾ കൊടുക്കുവാൻ എനിക്ക് കഴിയും. നിശ്ചയമായും ആത്മാക്കളെ നേടുവാൻ കൂട്ടുകാർക്ക് കത്തെഴുതുവാൻ എനിക്ക് കഴിയും. കുറഞ്ഞ പക്ഷം എന്റെ ജോലി സ്ഥലത്ത് എന്റെ സഹപ്രവർത്തകരോട് പറയുവാൻ എനിക്ക് കഴിയും. ഞാൻ ദൈവത്തിന്റെ പ്രതിനിധിയെങ്കിൽ, ഞാൻ നേരുള്ളവനാണ്.

6) ദൈവം എന്നെ അനുഗ്രഹിക്കുന്നതിന് ഒത്തവണ്ണം ഞാൻ ദൈവനാമത്തിന് കൊടുക്കുന്നുണ്ടോ? "കൊടുപ്പിൻ എന്നാൽ നിങ്ങൾക്കു കിട്ടും...." (ലൂക്കൊ. 6:38). നാം കൊടുക്കുന്നു എങ്കിൽ ദൈവം നമുക്കു തരും, അവിടുന്ന് ആർക്കും കടക്കാരനല്ല. കുറഞ്ഞപക്ഷം പത്തിലൊന്ന് എങ്കിലും നാം കൊടുക്കണം, അവിടുന്ന് ആവശ്യപ്പെടുന്നത് കൊടുക്കണം. നാം ദൈവത്തോട് വിശ്വസ്ത തകാണിക്കുന്നു എങ്കിൽ അവിടുന്ന് നമ്മോടും വിശ്വസ്തനായിരിക്കും. "ഔദാര്യമാനസൻ പുഷ്ടിപ്രാപിക്കും, തണുപ്പിക്കുന്നവന് തണുപ്പു കിട്ടും" (സദൃ. 11:25).

എന്നാൽ നിങ്ങൾ കൊടുക്കുമ്പോൾ അത് ദൈവവേലയ്ക്കുവേണ്ടി തന്നെ ചെലവിടുന്നു എന്ന് ഉറപ്പുവരുത്തണം. "സന്തോഷത്തോടെ കൊടുക്കുന്നവനെ ദൈവം സ്നേഹിക്കുന്നു" (2കൊരി. 9:7). ആരും അയയ്ക്കാതെ എങ്ങനെ പ്രസംഗിക്കും (രോമ. 10:15). സുവിശേഷം ആളുകളിൽ എത്തണമെങ്കിൽ അതിന്റെ കൂലി ഒരുവൻ കൊടുത്തേ മതിയാകൂ. അതു വെള്ളം പോലെയാണ്. വെള്ളം സൗജന്യമാണ്. എന്നാൽ അതുകൊണ്ടുവരുന്ന പൈപ്പോ ക്രമീകരണങ്ങൾക്ക് നാം പണം കൊടുക്കണം. അതുപോലെയാണ് സുവിശേഷ വേലയും. സുവിശേഷം ലോകത്തിന്റെ അറ്റത്തോളം എത്തുവാൻ നാം പ്രയത്നിക്കേണ്ടതാണ്. അപ്പോസ്തലനായ പൗലോസിന്റെ ഭാഷയിൽ പുതിയ നിയമവിശ്വാസി ഔദാര്യമായി കൊടുക്കേണ്ടതാണ്.

7) നാം എന്തെങ്കിലും ചെയ്താൽ അത് കർത്താവായ യേശുവിനുവേണ്ടിയാണോ ചെയ്യുന്നത്. ഞാൻ ദൈവത്താൽ ഉപയോഗിക്കപ്പെടണമെങ്കിൽ, ഞാൻ ഒരു സ്ഥലം കണ്ടുപിടിച്ച് ആളുകളോട് സാക്ഷ്യം പറയണം, നമ്മുടെ മേൽ കുറ്റം വരാൻ പാടില്ല. ആത്മാക്കളെ നേടുന്ന ഒരു സഭയായിരിക്കണം എന്റെ വീട്. തന്റെ വേലചെയ്യാനാണ് നമ്മെ രക്ഷിച്ചത്. കർത്താവിനുവേണ്ടി ഞാൻ എന്തെങ്കിലും ചെയ്തില്ലെങ്കിൽ, ദൈവം തന്നെ ദർശനത്തിൽ ഞാൻ കുറ്റക്കാരനാണ്. ധാരാളം താലന്തുകൾ നമുക്കില്ലെങ്കിലും എന്തെങ്കിലും കർത്താവിനുവേണ്ടി ചെയ്യുവാൻ നമുക്കു കഴിയും. രോഗികളെ സന്ദർശിക്കുവാൻ എനിക്ക് കഴിയും. ലഘുലേഖകൾ കൊടുക്കാൻ എനിക്ക് കഴിയും. സാക്ഷിക്കുവാൻ എനിക്ക് കഴിയും. എന്തെങ്കിലും കർത്താവിനു വേണ്ടി ചെയ്യുവാൻ എനിക്ക് കഴിയും.

ചിലർ ആരാധനകളിൽ സംബന്ധിക്കുന്നു, സന്തോഷിക്കുന്നു, ദൈവവേലയിൽ ഒരു പങ്കു വഹിക്കാൻ അവർക്ക് കഴിയും എന്ന് അവർ ചിന്തിക്കുന്നില്ല. അത് പാസ്റ്ററുടെ ജോലിയാണ് എന്ന് അവർ ചിന്തിക്കുന്നു. സ്നേഹമാണ് സേവനം. കർത്താവായ യേശുവിനെ യഥാർത്ഥമായി സ്നേഹിക്കുന്നവർ അവനെ സേവിക്കും.

പാസ്റ്ററെ കാത്തിരിക്കുന്നതിനുപകരം, അഥവാ ആരെങ്കിലും അത് ചെയ്യട്ടെ എന്ന് ചിന്തിക്കുന്നതിനു പകരം അവർ ദൈവത്തോട് നേരിട്ട് ചെന്ന് നിർദ്ദേശങ്ങൾ പ്രാപിക്കും. അത് ഒരു പക്ഷേ ഒരു സണ്ടേസ്കൂൾ പഠിപ്പിക്കുന്നതിന്റെ നിർദ്ദേശമായിരിക്കാം. അങ്ങനെയെങ്കിൽ അവർ പാസ്റ്ററെ സമീപിച്ച് തങ്ങളുടെ സമർപ്പണം അറിയിക്കും. ഗായകസംഘത്തിൽ പാടുവാനുള്ള നിയോഗമെങ്കിൽ, ഒരു വാദ്യോപകരണം ഉപയോഗിക്കുന്നവരെങ്കിൽ അതു ചെയ്യുവാൻ ദൈവത്തിനു വേണ്ടി ചെയ്യുവാൻ കഴിയും. ഒരു കാര്യം വാസ്തവമാണ്. യഥാർത്ഥമായി രക്ഷിക്കപ്പെട്ടിരിക്കുന്നവന് അടങ്ങിയിരിപ്പാൻ കഴിയുന്നതല്ല, അവൻ എന്തെങ്കിലും കർത്താവായ യേശുവിനു വേണ്ടി ചെയ്യും.

അങ്ങനെ ഞാൻ വീണ്ടും ചോദിക്കുന്നു, ഞാൻ ക്രിസ്തുവിനുവേണ്ടി വേല ചെയ്യുന്നുവോ? ഞാൻ ഉത്സാഹിയാണോ? എന്റെ സമയം ദൈവത്തോടുകൂടെ ചെലവിടുന്നുവോ? അതോ ഒരു വിളിക്കായി കാത്തിരിക്കുന്നതേ ഉള്ളുവോ? രണ്ടു വിധത്തിലുള്ള വേലക്കാരുണ്ട് ഒന്ന്, ഉത്സാഹികൾ, രണ്ട് മടിയന്മാർ, മടിയൻ പറയുന്നു, കർത്താവേ ഞാൻ ഇവിടെയുണ്ട്. ഉത്സാഹി പറയുന്നു, എന്നെ അയയ്ക്കേണമേ. ഞാൻ ആരാണ്? ഞാൻ കർത്താവിനു വേണ്ടി എന്തെങ്കിലും ചെയ്യുന്നുണ്ടോ?

അവിടുത്തെ പ്രശംസക്കായി നാം ഇഷ്ടപ്പെടുന്നുവോ? (2തിമൊ. 2:15). നില്പാൻ ഇഷ്പ്പെടുന്നുവോ? അവിടുത്തെ പൂർണ്ണപ്രതിഫലം നാം പ്രാപിക്കണമെങ്കിൽ, നാം അവിടുത്തെ വിളി ഇങ്ങനെ കേൾക്കും, " നന്ന്, നല്ലവരും വിശ്വസ്തമുമായ ദാസനേ.. "(മത്താ. 25:21). ദൈവം ആഗ്രഹിക്കുന്ന അളവിൽ ഒരു വിസ്വസ്ത ദാസനായിരിക്കേണ്ടതിന് നമുക്ക് നമ്മെത്തന്നെ പരിശോധിച്ച് ഏല്പിക്കാം. ❖

(4-ാംപേജിന്റെ തുടർച്ച)

## ക്രിസ്തീയ സേവനത്തിന്റെ ശക്തി

കൈവരിച്ചു. പെന്തെക്കോസ്തിനു മുമ്പ് അവയെല്ലാം മറപൊരുളായിരുന്നു. എന്നാൽ പെന്തെക്കോസ്തു സംഗതികളെ ആകെ വ്യത്യാസമാക്കി തിരുവചനം പരിശുദ്ധാത്മാവിന്റെ വെളിച്ചത്തിൽ പഠിപ്പിക്കപ്പെട്ടു.

അവരുടെ വ്യക്തി ജീവിതങ്ങളിൽ വന്ന വ്യത്യാസം അവരുടെ അറിവിൽ വന്ന വ്യത്യാസത്തെക്കാൾ വലുതായിരുന്നു. സുവിശേഷങ്ങൾ വ്യക്തമാക്കുന്ന ഈ ആളുകൾ, സ്വാർത്ഥരും, അഹങ്കാരികളും വഴി വിട്ടവരും ആയിരുന്നു. എന്നാൽ അപ്പോസ്തലപ്രവർത്തികളുടെ ആദ്യപേജുകൾ പറയുന്നത് മറ്റൊരു ചരിത്രമാണ്. യേശുവിന്റെ വിസ്താരസ്ഥലത്തിനും പട്ടണത്തിലെ തെരുവുകൾക്കും ഇടയിൽ ചിലത് സംഭവിച്ചു. യേശു ഉയിർത്തെഴുന്നേറ്റപ്പോൾ ശിഷ്യന്മാർ യെഹൂദന്മാരെ ഭയന്നു വിറച്ച് അടയ്ക്കപ്പെട്ടവാതിലുകൾക്കുള്ളിലായിരുന്നു. എന്നാൽ പെന്തെക്കോസ്തു നാളിൽ അവർ പരസ്യമായി യേശുവിനെ പ്രസംഗിക്കുന്നു.

(ശേഷം 8-ാം പേജിൽ)

# ആത്മാവ് നമ്മിൽ

By. Horatius Bonar (1808 - 1889)

ക്രിസ്തുവിൽ ദൈവത്തിന്റെ എല്ലാ നിറവുകളും ദേഹരൂപമായി വസിക്കുന്നു. നമുക്കുവേണ്ടിയുള്ള പരിശുദ്ധാത്മ് തന്റെ പക്കലുണ്ട്. പരിശുദ്ധാത്മാവിനെ അവിടുന്ന് സൗജന്യമായും ധാരാളമായും തരുന്നു. നമുക്ക് ലഭിച്ചിരിക്കുന്ന ആത്മാവ്, " നമ്മിൽ ഓരോരുത്തന് ക്രിസ്തുവിന്റെ ദാനത്തിന്റെ അളവിന് ഒത്തവണ്ണം കൃപ ലഭിച്ചിരിക്കുന്നു" (എഫെ. 4:7). ആദിമവിശുദ്ധന്മാർ എല്ലാവരും, സന്തോഷവും പരിശുദ്ധാത്മാവും നിറഞ്ഞവർ ആയിരുന്നു (അ.പ്ര. 13:52). " നാം പരിശുദ്ധാത്മാവ് നിറഞ്ഞവരായിരിപ്പിൻ " (എഫെ. 5:18).

" ആത്മാവ് നമ്മുടെമേൽ വരുന്നു (അ.പ്ര.8:16; 11:15); പരിശുദ്ധാത്മാവിനെ പകർന്നു തരുന്നു (അ.പ്ര. 2:33); നാം പരിശുദ്ധാത്മാവിനാൽ സ്നാനപ്പെട്ടിരിക്കുന്നു" അ.പ്ര. 11:16.

പരിശുദ്ധാത്മാവ് നമ്മുടെ അവകാശത്തിന്റെ അച്ചാരമാണ്; എഫെ. 14; ആത്മാവ് നമ്മെ മുദ്രയിടുന്നു എഫെ. 1:14; തന്റെ രൂപത്തോടു നമ്മെ അനുരൂപപ്പെടുത്തുന്നു; ആത്മാവ് നമ്മെ പഠിപ്പിക്കുന്നു; (1കൊരി. 2:13)അവിടുന്ന് വെളിപ്പെടുത്തുന്നു; (1കൊരി. 2:10); പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ബോധം വരുത്തുന്നു; (യോഹ. 6:8), ശക്തീകരിക്കുന്നു; (എഫെ. 3:16). നമ്മെ ഫലമുള്ളവരാക്കിത്തീർക്കുന്നു ;(ഗലാ. 5:22). നമ്മെ പരിശോധിക്കുന്നു (1കൊരി. 2:10), ആത്മാവ് വാദിക്കുന്നു (ഉല്പ. 6:3). ശുദ്ധീകരിക്കുന്നു 1കൊരി. 6:11), നമ്മെ നയിക്കുന്നു (റോമർ8 :14, സങ്കീ. 143: 10), പഠിപ്പിക്കുന്നു ( മീഖാ. 9:20), അവിടുന്ന് സംസാരിക്കുന്നു (1തിമൊ. 4:1, വെളി. 3:7) അവിടുന്ന് പ്രദർശിപ്പിക്കുന്നു (1കൊരി. 2:4), മദ്ധ്യസ്ഥത ചെയ്യുന്നു (റോമ.8:26), നമ്മെ ബദ്ധപ്പെടുത്തുന്നു.(റോമ. 8:11), ഉച്ചരിക്കുവാൻ നൽകുന്നു (അ.പ്ര. 24), സൃഷ്ടിക്കുന്നു (സങ്കീ. 104:30), ആശ്വസിപ്പിക്കുന്നു (യോഹ. 14:26), നമ്മുടെ ഹൃദയങ്ങളിൽ ദൈവസ്നേഹം പകർന്നു തരുന്നു (റോ. 5:5), പുതുക്കുന്നു (തിമൊ. 3:5).

അവിടുന്ന് വിശുദ്ധിയുടെ ആത്മാവാണ്; ജ്ഞാനത്തിന്റെയും പരിജ്ഞാനത്തിന്റെയും ആത്മാവ് (യെശ. 11:2, എഫെ. 1:17 ) സത്യത്തിന്റെ ആത്മാവ് (യോഹ. 14:17); കൃപയുടെ ആത്മാവ് (എബ്രാ. 10:29); മഹത്വത്തിന്റെ ആത്മാവ് (1പത്രൊ. 4:14); നമ്മുടെ ദൈവത്തിന്റെ ആത്മാവ് (2കൊരി. 3:3); നല്ല ആത്മാവ് (നെഹെ. 9:10) ക്രിസ്തുവിന്റെ ആത്മാവ് (1പത്രൊ. 1:11), പുത്രത്വത്തിന്റെ ആത്മാവ് (റോമ. 8:15), ജീവന്റെ ആത്മാവ് (വെളി. 11:11); പുത്രത്വത്തിന്റെ ആത്മാവ് (ഗലാ . 4:6)

ദൈവത്തിന്റെ പരിശുദ്ധാത്മാവിനാൽ നാം വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു (1തെസ്സ. 2:13). നിത്യാത്മാവിനാൽ ദൈവത്തിന് തന്നെത്താൻ നിഷ്കളങ്കനായി അർപ്പിച്ച ക്രിസ്തുവിന്റെ രക്തം (എബ്രാ. 9:14). പരിശുദ്ധാത്മാവിനാൽ നാം വീണ്ടെടുപ്പ് നാളിനായി മുദ്രയിടപ്പെട്ടിരിക്കുന്നു. (എഫെ. 4:30). തന്റെ സ്വഭൈവത്തോട് നമ്മെ ഏകീഭവിപ്പിക്കുന്നു (എഫെ. 2:22). നമ്മിൽ വസിക്കുന്നു (2തിമൊ. 1:14); പ്രത്യാശയിൽ സമൃദ്ധിയുള്ളവരാക്കുന്നു (വെളി. 15:13). ഈ സ്വർഗ്ഗീയ അതിഥിയെ ജീവിതത്തിലേയ്ക്ക് ക്ഷണിച്ചു സന്തോഷിപ്പിക്കുന്നതിനാൽ വിജയകരമായി വിശുദ്ധജീവിതം സാദ്ധ്യമാകുന്നു. പരിശുദ്ധാത്മാവിനെ ജീവിതത്തിലേക്ക് സ്വാഗതം ചെയ്യാം. ആത്മാവിനെ അസഹ്യപ്പെടുത്തരുത്. എതിർത്തു നില്ക്കരുത്, ദു:ഖിപ്പിക്കരുത്, കെടുക്കരുത്, എന്നാൽ ആത്മാവിനെ സ്നേഹിക്കയും അതിൽ സന്തോഷിക്കയും ചെയ്വിൻ (സ്നേഹത്തിന്റെ ആത്മാവ് (റോ. 15:30). നമ്മുടെ ജീവിതം ആത്മാവിൽ ജീവിക്കേണ്ടതിന് (ഗലാ. 5:25)ആത്മാവിൽ നടക്കണം (ഗലാ. 5:16), ആത്മാവിൽ പ്രാർത്ഥിക്കണം (യൂദാ. 20). ക്രിസ്തു തന്റെ ആത്മാവിനാൽ തന്റെ പ്രവർ ത്തി നമ്മിൽ ചെയ്യുമ്പോൾ എതിർത്തു നില്ക്കാതെ തന്റെ പ്രവർത്തിക്കായി നമ്മെ ഏല്പിച്ചുകൊടുക്കേണ്ടതാണ്. എല്ലാവരോടും സമാധാനം ആചരിച്ച് ശുദ്ധീകരണം പ്രാപിപ്പാൻ ഉത്സാഹിപ്പിൻ; (എബ്രാ. 12:14). നമ്മുടെ ഹൃദയങ്ങളെ ആത്മാവിന്റെ കൂട്ടായ്മയിൽ കാക്കണം. (ഫിലി. 2:1); പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയിൽ സന്തോഷിക്കണം (2കൊരി. 13:14).

ക്രിസ്തു നമ്മിലും നാം ക്രിസ്തുവിലും എന്ന കൂട്ടായ്മ ഇരട്ടിപ്പങ്ക് ശക്തിയെ ഉളവാക്കുന്നു. ക്രിസ്തു നമ്മിൽ (കൊലൊ. 1:27, ഗലാ. 2:20). പരിശുദ്ധാത്മാവ് നമ്മിൽ (റോമ. 8:9) എന്നത് ഒരു ചിന്ത; നാം ആത്മാവിൽ ജീവിക്കുന്നു (ഗലാ. 5:25). എന്നത് മറുവശം ഈ രണ്ട് വിധത്തിലുള്ള കൂട്ടായ്മയും താഴെകൊടുത്തിരിക്കുന്ന വാക്യത്തിൽ കാണുന്നു. യേശു ദൈവപുത്രൻ എന്ന് സ്വീകരിക്കുന്നവരിൽ ദൈവവും അവനിൽ ദൈവവും വസിക്കുന്നു. (1യോഹ. 4:15).

ആ ദൃഢമായ ബന്ധം ദൈവത്തോടുള്ള സാമീപ്യത്തെ വ്യക്തമാക്കുന്നു, ആ ബന്ധത്തിൽ നാമും ദൈവവും ഒന്നായിരിക്കുന്നു, ദൈവപുത്രന്റെ ആളത്വത്തിന്റെയും പ്രവർത്തിയുടെയും സാക്ഷ്യം നാം സ്വീകരിച്ചിരിക്കുന്നു. അങ്ങനെയെങ്കിൽ എന്തുകൊണ്ട് ആ വിശുദ്ധ ജീവിതത്തിന് നമ്മെതന്നെ സമർപ്പിച്ചുകൂടാ. ആ ദൈവ ശക്തിയുടെ നിറവിനെ മറ്റുള്ളവരിലേക്ക് പകർന്നുകൊടുക്കുന്ന ജീവിതം എത്ര ശ്രേഷ്ഠമേറിയത്. നിങ്ങൾ എത്ര വിശുദ്ധജീവനുവും ഭക്തിയുമുള്ളവരായിരിക്കണം 2 പത്രൊ. 3:12.

ഞങ്ങൾക്കു ലഭിച്ച പ്രമാണങ്ങൾക്ക് തക്കവണ്ണം കർത്താവിന്റെ വരവിലും തന്റെ രാജ്യത്തിലും മഹത്വത്തിലും പ്രത്യാശവച്ച് ആ പ്രമാണത്തെ കേന്ദ്രീകരിച്ച് ഞങ്ങൽ ജീവിക്കുന്നത് ഞങ്ങൾക്കുള്ള ഭാവി പ്രത്യാശയെ ഓർത്ത് കൊണ്ടാണ്, രാജകീയ പുരോഹിത വർഗ്ഗവും വിശുദ്ധവംശവും സ്വന്തജനവും (1പത്രൊ. 2:9). സൽപ്രവർത്തികൾക്ക് ശുഷ്കാന്തിയുള്ളോരു സ്വന്തജനമായി (1തിമൊ. 2:14).തേജസും മാനവും അന്വേഷിക്കുന്നവർക്കു നിത്യജീവനും (റോമർ 2:7).

❖

( 6-ാം പേജിന്റെ തുടർച്ച)

**ക്രിസ്തീയ സേവനത്തിന്റെ ശക്തി**

യേശുവിന്റെ മരണത്തെ സംബന്ധിച്ച് അധികാരികളെ പഠിപ്പിക്കുന്നു. പെന്തെക്കോസ്തു അവരെ രൂപാന്തരപ്പെടുത്തി.

ആത്മനിറവ് അവരുടെ ഭയം മാറ്റി സന്തോഷം കൊണ്ടു നിറച്ചു, വിറയലും ക്ഷീണവും മാറ്റി പ്രബോധിപ്പിപ്പാനുള്ള ശക്തിയാൽ നിറച്ചു. അവർ കൃപയുള്ളവരായിരുന്നു, ഇപ്പോൾ സന്തോഷവും ധൈര്യവുമുള്ളവരായിമാറി. അതാണ് പെന്തെക്കോസ്തു വരുത്തുന്ന വ്യത്യാസം!

**എങ്ങനെ നാം അളക്കും?**

വെല്ലുവിളികൾ നാം എങ്ങനെ കാണപ്പെടും. പെന്തെക്കോസ്തിന്റെ നിലവാരത്തോട് നമ്മെ അളക്കാൻ കഴിയുമോ? സ്വർഗ്ഗീയ കാര്യങ്ങളെ സംബന്ധിച്ച നമ്മുടെ ഉറപ്പ് എത്രത്തോളമുണ്ട്? പെന്തെക്കോസ്തിന്റെ നിറവു വരുമ്പോൾ അനിശ്ചിതത്വങ്ങൾ മാറിപ്പോകുന്നു!

പാപത്തിന്മേൽ നാം ശക്തി പ്രാപിച്ചിട്ടുണ്ടോ? സത്യത്തിന്റെ ആത്മാവ് വിശുദ്ധിയുടെ ആത്മാവാണ്. അവിടുന്ന് സത്യത്തിൽ നമ്മെ ശുദ്ധീകരിക്കുന്നു. പെന്തെക്കോസ്തിന്റെ ശക്തി ജഡിക ചിന്തകളും മാറ്റി ആത്മീക ദർശനങ്ങളെ നൽകുന്നു, അഹങ്കാരത്തെ മാറ്റി താഴ്മ ധരിപ്പിക്കുന്നു, സ്വാർത്ഥതമാറ്റി സ്നേഹം ധരിപ്പിക്കുന്നു, ഭയം മാറ്റി ധൈര്യം നൽകുന്നു. അത് ഹൃദയങ്ങളെ രൂപാന്തരപ്പെടുത്തുന്നു, ജീവിതങ്ങളെ രൂപാന്തരപ്പെടുത്തുന്നു.

നിറവിലൂടെ വിജയം വരുന്നു. പാപത്തെ ജയിച്ച സന്തോഷം നമുക്കുണ്ടോ? ആത്മനിറവിൽ ജീവിതത്തിന്റെ നിലവാരത്തിലാണോ നിങ്ങളുടെ ക്രിസ്തീയ ജീവിതം? ലോകസ്നേഹം ഇപ്പോഴുമുണ്ടോ? യേശു പറഞ്ഞത്, “ ലോകം അവനെ കാണുകയോ, അറികയോ ചെയ്യായ്കയാൽ അതിന് അവനെ ലഭിപ്പാൻ കഴിയില്ല” (യോഹ. 14:17).

വേർപാടിന്റെ ഉപദേശത്തിൽ എന്താണ് സംഭവിക്കുന്നത്? വിശ്വാസികൾ ആത്മനിറവ് പ്രാപിച്ചാൽ ലോക ഇമ്പങ്ങളെ പിന്തുടരുവാൻ അവർക്ക് കഴിയുമോ? ലോകസ്നഹം ആത്മീയ ജീവിതത്തിന് ശത്രുവത്രേ.

**എന്താണ് സേവനത്തിനുള്ള ശക്തി?**

അകത്തും പുറത്തുമുള്ള നമ്മുടെ ധൈര്യം എപ്രകാരമായിരിക്കുന്നു? വേലക്കാരെക്കുറിച്ചു ചിന്തിക്കാം. വിശ്വസ്തയോടെ യാണോ വേല ചെയ്യുന്നത്? സഭാ ജനങ്ങളോടുള്ള മനോഭാവം എങ്ങനെയാണ്? പാപത്തോടുള്ള മനോഭാവമെന്താണ്? സംസാരങ്ങളും ഇടപെടലുകളും എങ്ങനെയാണ്? എന്നാൽ പെന്തെക്കോസ്തു ഉണർവ്വുകൊണ്ടു വരുന്നു, കുറ്റബോധം ഉളവാക്കുന്നു. മാനസാന്തരത്തിലേയ്ക്ക് നടത്തുന്നു, സ്നാനത്തിലേയ്ക്ക് നടത്തുന്നു. ആത്മാവിന്റെ വരം, ശക്തിയുടെ വരമാണ് (ലൂക്കോ. 24:49), (അ.പ്ര. 18). ആത്മനിറവ് സന്തോഷത്തിലേയ്ക്കും സാക്ഷീകരണത്തിലേയ്ക്കും ത്യാഗ ജീവിതത്തിലേയ്ക്കും നടത്തുന്നു.

**വരണ്ട നിലത്ത് വാഗ്ദത്തിന്റെ നീരൊഴുക്കുകളെ പകരുന്നു.**

സംശയമെന്യെ പറയാൻ കഴിയുന്ന കാര്യം, ഇന്നത്തെ സഭകൾ പരിശുദ്ധാത്മനിറവ് പ്രാപിക്കേണ്ടതാണ് (യെശ. 44:3). നീരൊഴുക്കുകൾ, എല്ലാ മലിനതകളെയും കഴുകിക്കളയും ശൂന്യതകളെ നിറയ്ക്കും, മരുഭൂമിയെ ഫലപുഷ്ടമാക്കും. ദൈവത്തിന്റെ പ്രവൃത്തി ആത്മനിറവില്ലാതെ പൂർത്തീകരിക്കപ്പെടുന്നില്ല. തന്നോട് ചോദിക്കുന്ന ഏവരുടെമേലും ആത്മാവിനെ പകരുവാൻ ദൈവം കാത്തിരിക്കുന്നു. (യോഹ. 7:37-39), (ലൂക്കൊ. 11:1-13).

ഓരോ വിശ്വാസിയും ആത്മാവ് പ്രാപിക്കണം എന്ന് ദൈവം ആഗ്രഹിക്കുന്നു. ആത്മാവിന്റെ കവിഞ്ഞൊഴുക്കും ദൈവം ആഗ്രഹിക്കുന്നു. (എഫെ. 5:18).

വ്യവസ്ഥകൾ ലളിതമാണ്. മാറ്റമില്ലാത്തതാണ്, സാർവ്വലൗകികമാണ്. സാധാരണ മനുഷ്യനെ അസാധാരണശക്തിയാൽ നിറയ്ക്കുവാൻ ദൈവം കാത്തിരിക്കുന്നു. സാധാരണവിശ്വാസത്തിൽ നിന്നും ഉയിർപ്പിന്റെ പ്രത്യാശയിലേക്ക് അതു നമ്മെ നടത്തുന്നു!. എങ്ങനെ? പത്രൊസിനോടും യാക്കോബിനോടും യോഹന്നാനോടും ചോദിക്കാം. അത് യേശുവുമായി ആഴമായ ബന്ധവും സമർപ്പണവുമുള്ളവരായിരുന്നു. ക്രിസ്തുനിമിത്തം സകലവും ഉപേക്ഷിച്ചവർ, അവർ കർത്താവിൽ വിശ്വസിച്ചു, കർത്താവിന്റെ മരണ പുനരുദ്ധാനങ്ങൾക്ക് സാക്ഷികളായി. എന്നാൽ പെന്തെക്കോസ്തില്ലാതെ അവർ വെറും കാര്യവിചാരകന്മാരും,. പ്രസംഗികളും സുവിശേഷകന്മാരും അത്ഭുതങ്ങളുടെ പ്രവർത്തകരും മാത്രമാണ്.

എന്നാൽ ആത്മാവിന്റെ വാഗ്ദത്തം അവർ കേട്ടു, അതിനെ അവകാശമാക്കുവാൻ അവർ തയ്യാറായി; കാത്തിരുന്നു, പ്രാർത്ഥിച്ചു. ദൈവവചന പ്രകാരം ആത്മാവു വന്നു, അവരെല്ലാവരും ആത്മനിറവിൽ നിറഞ്ഞു (ലൂക്കൊ. 24:48-53; അ.പ്ര. 1:4,5, അ.പ്ര.2). ❖

( 3-ാം പേജിന്റെ തുടർച്ച)

**അമേരിക്കക്ക് വേണ്ടിയുള്ള പ്രാർത്ഥന**

യിക്കേണമേ. നീയും പിതാവും ഒന്നാകുന്നതുപോലെ ഞങ്ങളെയും ഒന്നാക്കുവാൻ സഹായിക്കേണമേ. യേശുക്രിസ്തുവിന്റെ ഹൃദയത്തിൽ ഉണ്ടായിരുന്നതുപോൽ, അവിടുത്തെ ആത്മാവിനാൽ പരസ്പരം ഞങ്ങൾക്കു ബഹുമാനിക്കുവാനും ആദരിക്കുവാനും ഞങ്ങളെ ഇന്ന് പഠിപ്പിക്കേണമേ. അവിടുത്തെ ഭാവം ഞങ്ങളിലൂടെ ഉണ്ടാകുവാനും ഞങ്ങളുടെ സംസാരത്തിലും പ്രവൃത്തിയിലും കൊണ്ട് അവിടുന്ന് മഹത്വം ഉണ്ടാകുവാനും സഹായിക്കേണമേ.

ഞങ്ങളുടെ ഈ തീരുമാനം കൊണ്ടു അവിടുത്തെ ഹിതം ഞങ്ങളുടെ രാജ്യത്ത് നിറവേറണം. അമേരിക്കയിലുള്ള എന്റെ എല്ലാ സഹോദരസഹോദരിമാരെയും ഞാൻ കണ്ടിട്ട് അവിടുത്തോട് പ്രാർത്ഥിക്കുന്നു.

മലമുകളിൽ പണിയപ്പെട്ടിരിക്കുന്ന പട്ടണം മറഞ്ഞിരിക്കുവാൻ പാടില്ലാത്തതുപോൽ, തണ്ടിൻമേൽ എരിഞ്ഞ് പ്രകാശിക്കുന്ന ദീപമായിട്ട് ക്രിസ്തുവിനെ അനേകരിലേക്ക് പകർത്തുന്ന ഒരു രാജ്യമാക്കി മാറ്റേണമേ. യഹോവ ദൈവം ആയിരിക്കുന്ന ഒരു ദേശമായിട്ട് നമ്മൾക്ക് മാറാം. ❖

Edited & Published by Mrs. Bindhu.M. Trivandrum- 695032 Printed at Excellent Printers Plavila, Thirumala, T.v.m - 6 Phone: 2351975